(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം/ബി.ഡി/1688/2016

കേരള സംസ്ഥാന ഓഡിറ്റ്

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

തിരുവനന്തപുരം ജില്ല

തീയതി.19/12/2016

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് - 2014-15 & 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 & 2015-16 സാമ്പത്തിക വർഷങ്ങളിലെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)സെക്രട്ടറി,തസ്വഭവകുപ്പ്,ഗവ.സെക്രട്ടറിയേറ്റ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

3)അസി.ഡവ.കമ്മീഷ്ണർ,തിരുവനന്തപുരം

4)ഓഫീസ് കോപ്പി

5)സ്പെയർ കോപ്പി

നം കെ.എസ്.എ.റ്റി.വി.എം/1688 /2016 തീയതി:19/12/2016

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 & 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 & 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1.04.2014മുതൽ31.03.2016 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.മോഹനൻ പിള്ള.വി.എം.

ജോയിന്റ് ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19-09-2016മുതൽ 30-09-2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

ശ്രീമതി.ജയകുമാരി.കെ.ആർ.,ഓഡിറ്റ് ഓഫീസർ
ശ്രീ.അനിൽ കുമാർ.വൈ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ബിജുലാൽ മണി.എസ്.എൽ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.അജിത.എ,പി,ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് :ശ്രീ.എം.ആർ.സൈമൺ 01-04-2014 മുതൽ 31-10-2015 വരെ

ശ്രീമതി.വി.ആർ.സലൂജ, 01-11-2015 മുതൽ 31-03-2016 വരെ

സെക്രട്ടറി : ശ്രീഎസ്.എസ്.പദ്മകുമാർ , 01-04-2014 മുതൽ 31-03-2016 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | ശ്രീ.സാം വിദ്യാനാഥ് | 01-04-2014 മുതൽ 31-03-2016 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.എഡ്‌വിൻ വിജയകുമാർ | 01-04-2014 മുതൽ 31-03-2016 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ,അഗ്രിക്കൾച്ചർ | ശ്രീമതി.ബീനാകുമാരി<br>ശ്രീമതി.ജയറാണി | 01-04-2014 മുതൽ 31-03-2015വരെ<br>01-04-2015 മുതൽ 31-03-2016വരെ |
| സി.ഡി.പി.ഒ | ശ്രീമതി.ശാന്ത.ആർ | 01-04-2014 മുതൽ 31-03-2016വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.ജയകുമാരി.ഡി<br>ശ്രീ.ഷാജികുമാർ | 01-04-2014 മുതൽ 31-03-2015 വരെ |

| | | |
|---|---|---|
| | | 01-04-2015 മുതൽ 31-03-2016വരെ |
| ഇൻടസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.സരസ്വതി | 01-04-2014 മുതൽ 31-03-2016വരെ |
| സീനിയർ വെറ്റിനറി സർജൻ | ശ്രീമതി.ഹരിപ്രിയ | 01-04-2014 മുതൽ 31-03-2016വരെ |
| സൂപ്രണ്ട് ,താലൂക്ക് ആശുപത്രി ,പാറശ്ശാല | ഡോ.വൽസല.എസ് | 01-04-2014 മുതൽ 31-03-2016വരെ |
| മെഡിക്കൽ ഓഫീസർ(CHC പൂവ്വാർ) | ഡോ.സുനിത | 01-04-2014 മുതൽ 31-03-2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 01 | ബജറ്റ് | 1-1 | |
| 02 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 03 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 04 | സാമ്പത്തിക വിശകലനം | 1-4 | |
| 05 | ഫണ്ട് വിനിയോഗം | 1-5 | |
| 06 | പദ്ധതി അവലോകനം. | 1-6 | |
| 07 | ക്യാഷ് വെരിഫിക്കേഷൻ | 1-7 | |
| 08 | ആഭ്യന്തരനിയന്ത്രണം. | 1-8 | |
| 09 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 | |
| | ഭാഗം 2 | | |
| | ഇല്ല | | |
| | ഭാഗം 3 | | |
| 10 | ജൈവ പച്ചക്കറി വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല 18,60,000/-രൂപ തടസ്സപ്പെടുത്തുന്നു(14-15) | 3-1 | |

| | | | |
|---|---|---|---|
| 11 | പുറത്താക്കൽ വിളയിൽ ചാനലിന് കുറുകെ പാലം നിർമ്മാണം-പണി പൂർത്തീകരിക്കാ നായിട്ടില്ല(14-15) | 3-2 | |
| 12 | മെറിറ്റോറിയൽ സ്കോളർഷിപ്പ് വിതരണം നടത്തിയതിൽ വീഴ്ച - 75,000/- രൂപ നിരാകരിക്കുന്നു.(14-15) | 3-3 | |
| 13 | ഗ്രാമസഭാ ലിസ്റ്റിൽ ഇല്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകി - 25,000/- രൂപ തടസ്സപ്പെടുത്തുന്നു.(14-15) | 3-4 | |
| 14 | താലൂക്ക് ആശുപത്രിയിൽ ക്യാന്റീൻ -റൂഫിംഗ് നിർമ്മാണം-നിരക്ക് നിർണ്ണയത്തിലെ അപാകത, അധികതുക 5817/-രൂപ നിരാകരിക്കുന്നു.(14-15) | 3-5 | |
| 15 | ഭിന്നശേഷിയുള്ളവർക്ക് ട്രൈസ്കൂട്ടർ വിതരണം - 1254000/- രൂപ തടസ്സം(15-16) | 3-6 | |
| 16 | ഐ.എ.വൈ ഭവന പദ്ധതി - അർഹതയില്ലാത്തവർക്ക് ധനസഹായം നൽകി (15-16) | 3-7 | |
| 17 | വീട് നിർമ്മിക്കാത്തയാൾക്ക് 17500 രൂപ ഐ.എ.വൈ ധനസഹായം- തുക തടസ്സപ്പെടുത്തുന്നു(15-16) | 3-8 | |
| 18 | ഐ.എ.വൈ പദ്ധതി - 2015-16 -ഹൗസിംഗ് ഓഫീസർ ശുപാർശ ചെയ്തതിനേക്കാൾ അധികം തുക അനുവദിച്ചു. (15-16) | 3-9 | |
| 19 | വനിതാ ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി വിതരണം ചെയ്യാതെ സൂക്ഷിച്ചു - പദ്ധതി രേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി ചെലവഴിച്ച് തുക നിരാകരിക്കുന്നു.(15-16) | 3-10 | |
| 20 | കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ് നവീകരണം - റൂഫിംഗ് -നിരക്ക് നിർണ്ണയത്തിലെ അപാകത,അധികതുക 3866./-രൂപ നിരാകരിക്കുന്നു.(15-16) | 3-11 | |

| | | | |
|---|---|---|---|
| | ഭാഗം 4 | | |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 24 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 26 | ഓഡിറ്റ് റിക്കവറി | 4-6 | |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8. | |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9. | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2014-15 വർഷത്തെ ബജറ്റ് 26.02.2014 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ1535235250/- രൂപ വരവും1533595000/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്.എന്നാൽ യഥാർത്ഥ വരവ് 164860248/-രൂപയും ചെലവ് 173622188/- രൂപയുമാണ്.

2015-16 വർഷത്തെ ബജറ്റ് 27.03.2015 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 906244600/- രൂപ വരവും 906149800/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്.എന്നാൽ യഥാർത്ഥ വരവ് 14,89,05,233/-രൂപയും ചെലവ് 12,96,16,450/-രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2014-15 | 31-07-2015 | 30-06-2015 | - | - |
| 2015-16 | 31-07-2016 | 20-07-2015 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2014-15 | | എൽ.എഫ് .റ്റി. ഡി. എഫ്1 /1001/ 2014 (44) തിയതി 17-10-2014 |
| 2015-16 | 30-06-2016 | |

## 1-4 സാമ്പത്തിക വിശകലനം

| 2014-15 | 2015-16 |
|---|---|
| മുന്നിരിപ്പ് -2,82,03,062/- | മുന്നിരിപ്പ് -19441122/- |
| വരവ് -164860248/- | വരവ് -12946411/- |
| ആകെ -193063310 | ആകെ -148905233 |
| ചെലവ് -173622188 | ചെലവ് -129616450 |
| നീക്കിയിരിപ്പ് -19441122 | നീക്കിയിരിപ്പ് -19288783 |

## 1-5 ഫണ്ട് വിനിയോഗം

2014-15

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് | 25,11,547 | 4,59,56,000 | 4,84,67,547 | 4,42,69,809 | 41,97,738 | 91.33 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 54,94,471 | 54,94,471 | 54,78,950 | 15,521 | 99.71 |
| ജനറൽ പർപ്പസ് ,തനത് ഫണ്ട് | 42,77,982 | 28,00,000 | 70,77,982 | 25,89,509 | 44,88,473 | 36.58 |
| ഇ .ഫണ്ട് | 2,14,13,533 | 111807653 | 13,32,21,186 | 12,24,81,796 | 1,07,39,390 | 91.84 |
| ആകെ | 2,82,03,062 | 16,60,58,124 | 19,42,61,186 | 17,48,20,064 | 1,94,41,122 | |
| 2015-16 | | | | | | |
| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
| വികസനഫണ്ട് | 41,97,738 | 4,19,29,558 | 4,61,27,296 | 4,61,27,296 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 15,521 | 30,45,651 | 30,61,172 | 30,61,172 | 0 | 100 |
| ജനറൽ പർപ്പസ് ,തനത് ഫണ്ട് | 44,88,473 | 33,37,893 | 78,26,366 | 41,90,839 | 36,35,527 | 53.54 |
| ഇ .ഫണ്ട് | 1,07,39,390 | 81151009 | 9,18,90,399 | 7,62,37,143 | 1,56,53,256 | 82.96 |
| ആകെ | 1,94,41,122 | 12,94,64,111 | 14,89,05,233 | 12,96,16,450 | 1,92,88,783 | |

അപാകതകൾ(2015-16)

1.വികസനഫണ്ട്(ജനറൽ) വാർഷിക ധനകാര്യപത്രിക-അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ വ്യത്യാസം 274/- രൂപ.
2ഐ.എ.വൈ-റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3.ആസ്തി മൂല്യം കൃത്യമായി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചപ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2014-15 | 50 | 5,40,35,744 | 42 | 4,97,42,759 | - | 8 | 84 |
| 2015-16 | 65 | 5,53,67,259 | 55 | 4,91,88,468 | 2 | 8 | 84 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)o വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-09-2016 രാവിലെ 11മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പില്ല എന്ന് ബോധ്യപ്പെട്ടു

## 1-8 ആഭ്യന്തരനിയന്ത്രണം.

ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കേണ്ടതും റോഡ് നിർമ്മാണ/മെയിന്റനൻസ് പണികൾ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ അനുസരിച്ച് മുൻഗണനാക്രമം പാലിച്ച് നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.ഗുണഭോക്തൃ സമിതി കൺവീനർ മുഖേന നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ ചട്ടങ്ങളിലെ വകുപ്പ് (13)പ്രകാരവും സംസ്ഥാന ആസൂത്രണബോർഡ് 1999ഡിസംബറിൽ പ്രസിദ്ധീകരിച്ച മാർഗ്ഗരേഖ പ്രകാരവുമുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.
ബ്ലോക്ക് പഞ്ചായത്തിന്റെ വാഹനങ്ങളുടെ ലോഗ് ബുക്ക് പരിപാലനത്തിൽ സർക്കുലർ നമ്പർ 41/2008/ധനം.2/08/2008-ലെ നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും ,ദൂരത്തെക്കുറിച്ചുള്ള സംക്ഷിപ്തക്കുറിപ്പ് ലോഗ്ബുക്കിൽ മാസാവസാനം നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | - | - | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | - | - | - |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

- •

ഇല്ല

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ജൈവ പച്ചക്കറി വികസനം-വിതരണ രേഖകൾഹാജരാക്കിയിട്ടില്ല 18,60,000/-രൂപ തടസ്സപ്പെടുത്തുന്നു(14-15)

പ്രോജക്ട് നം :S0059/15 ജൈവ പച്ചക്കറി വികസനം(വനിത)
ചെലവ് തുക :18,60,000/-,വികസനഫണ്ട്.
നിർവ്വഹണം :കൃഷി അസി.ഡയറക്ടർ

മേൽ പ്രസ്താവിച്ച പ്രോജക്ടിനായി ആഗ്രോ ഇൻഡസ്ട്രീസിൽ നിന്നും 7,40,000/-രൂപയ്ക്ക് ജൈവവളം,കീടനാശിനി എന്നിവയും 1,85,000/-രൂപയ്ക്ക് D.J.M ADMATHA നഴ്സറിയിൽ നിന്നും പച്ചക്കറി വിത്തുകളും വാങ്ങിയിട്ടുണ്ട്;ഇവ 37ഗ്രൂപ്പുകൾക്ക് വിതരണം നടത്തിയിട്ടുമുണ്ട്.

എന്നാൽ ,ഓരോ ഗ്രൂപ്പുകൾക്കും അനുവദിച്ച് നൽകിയിട്ടുള്ള -വളം,വിത്തുകൾ, കീടനാശിനി എന്നിവ സംബന്ധിച്ച രേഖകൾ പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല;പച്ചക്കറി വിത്തുകൾ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങിയതിന്റെയും ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന്റെ രേഖകളും ഫയലിൽ ലഭ്യമല്ല.ഓഡിറ്റ് എൻക്വയറി നമ്പർ 1 പ്രകാരം രേഖകൾ ആവശ്യപ്പെട്ടെങ്കിലും ,ലഭ്യമാക്കാത്തതിനാൽ ചെലവ്തുക 18,60,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 പുറത്താക്കൽ വിളയിൽ ചാനലിന് കുറുകെ പാലം നിർമ്മാണം-പണി പൂർത്തീകരിക്കാനായിട്ടില്ല(14-15)

പ്രോജക്ട് :13/2015,കരുമാനൂർ വാർഡിൽ പുറത്താക്കൽവിളയിൽ ചാനലിന് കുറുകെ പാലം നിർമ്മാണം
കൺവീനർ :ശ്രീ.ഇന്ദ്രൻ
ഫണ്ടിനം : വികസനഫണ്ട്(ജനറൽ)
അടങ്കൽ : 6,101,000/-
സാങ്കേതികാനുമതി നം:415/AEE/LSGD/PBP/13-14 തിയതി.03.10.2013
ബിൽ നം : 04/14-15, തിയതി:31.12.2014 , തുക:1,45,698/-
എം.ബുക്ക് നം :346/13-14

2013-14 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭ്യമാക്കി ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം ആരംഭിച്ച മേൽ പ്രസ്താവിച്ച ഏകവർഷ പ്രോജക്ട് നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല.

കരുമാനൂർ വാർഡിൽ പുറത്താക്കൽവിളയിൽ ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള ചാനലിന് കുറുകെ 6.6 മീറ്റർ നീളത്തിലും 4.4 മീറ്റർ വീതിയിലും പാലം നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് പ്രകാരം അംഗീകാരം ലഭ്യമാക്കിയിരുന്നത്.എന്നാൽ ഗുണഭോക്താക്കളുടെയും വാർഡ് മെമ്പറുടെയും ആവശ്യപ്രകാരം അലൈൻമെന്റിൽ വ്യത്യാസം വരുത്തി (നീളം 9.5 മീ.) പാലം നിർമ്മിക്കാൻ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തുവെങ്കിലും ഇറിഗേഷൻ വകുപ്പ് അനുമതി നിഷേധിച്ചതിനാൽ ,ആദ്യ എസ്റ്റിമേറ്റ് പ്രകാരം പണി ആരംഭിച്ചു.

ചാനലിന് ഇരുവശവും,പാലത്തിനുള്ള അബട്മെന്റ് നിർമ്മാണം പൂർത്തിയാക്കിയാക്കിയപ്പോൾ,നിർമ്മാണത്തിൽ അപാകതകൾ ഉന്നയിച്ചുള്ള ഗുണഭോക്താക്കളുടെ എതിർപ്പ് കാരണം, അനുകൂല സാഹചര്യമില്ലാത്തതിനാൽ (അസി.എക്സിക്യൂട്ടീവ് എൻജിനിയറുടെ 12.06.2015-ലെ 51/DB/AEE/LSGd/PSALA/2013-14-)o നമ്പർ കത്ത്,കൺവീനറുടെ 02.02.2015-ലെ കത്ത്) തുടർപണികൾ നിറുത്തി വയ്ക്കുന്നതായും ,വിഷയം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ പരിഗണനയ്ക്കുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ചിട്ടുമുണ്ട്. പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ,നിർവ്വഹണം നടത്തിയ പണികളിലെ അപാകതകളെ സംബന്ധിച്ച് വിജിലൻസ് വകുപ്പ് അന്വേഷണം നടത്തി ,അബട്മെന്റ് ,ഫൗണ്ടേഷൻ എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് 06-10-2015-ലെ E1/8833 /2015-)oനമ്പർ കത്ത് പ്രകാരം വിജിലൻസ് വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്;ആയതനുസരിച്ച് തിരുവനന്തപുരം എൻജിനിയറിംഗ് കോളേജ് മുഖാന്തിരം പരിശോധന നിർവ്വഹിച്ച് റിപ്പോർട്ട് നൽകുവാൻ എൽ.എസ്.ജി.ഡി.ചീഫ് എൻജിനിയർ ആവശ്യപ്പെട്ടിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.(അസി.എക്സിക്യൂട്ടീവ് എൻജിനിയർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ 27.08.2016-ലെ 51/DB/AEE/LSGd/PSALA/2013-14-)o നമ്പർ കത്ത്) ഗുണഭോക്തൃസമിതി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചുകൊണ്ട് പ്രോജക്ട് നടപ്പിലാക്കിയിരുന്നുവെങ്കിൽ ഗുണഭോക്താക്കളുടെ എതിർപ്പ് ഒഴിവാക്കി പണികൾ പൂർത്തീകരിക്കാമായിരുന്നു. ഇതിനകം 1,45,698/-രൂപ ചെലവഴിക്കപ്പെട്ട പ്രസ്തുത പ്രോജക്ട് ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടെ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെയും ബന്ധപ്പെട്ട എൻജിനിയറിംഗ് വിഭാഗത്തിന്റെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-3 മെറിറ്റോറിയൽ സ്കോളർഷിപ്പ് വിതരണം നടത്തിയതിൽ വീഴ്ച - 75,000/- രൂപ നിരാകരിക്കുന്നു.(14-15)

പ്രോജക്ടിന്റെ പേര് - പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള മെറിറ്റോറിയൽ സ്കോളർഷിപ്പ് (വികസനഫണ്ട്)
പ്രോജക്ട് നം - SO002/15 (എസ്.സി.പി)
തുക - 10,25,000/-
നിർവ്വഹണം - പട്ടികജാതി വികസന ഓഫീസർ
Try.Bill No.01/PSLA/SC00/SCP/14-15

2014-15 സാമ്പത്തിക വർഷം പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള മെറിറ്റോറിയൽ സ്കോളർഷിപ്പിൽ 31 പേർക്ക് 25,000/- രൂപ വീതവും 5 വിദ്യാർത്ഥികൾക്ക് 50,000/- രൂപ വീതവും വിതരണം നടത്തി. ഇതിൽ 6 വിദ്യാർത്ഥികൾ ഒരേ കുടുംബത്തിൽപ്പെട്ട 2 പേർ വീതമാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | വിലാസം | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | അജ്ജൻ.വി.പി(എം.ബി.ബി.എസ്) | അജ്ജൻ നിവാസ്,കരുമാൻവിള | 25,000/- |

| | | | |
|---|---|---|---|
| | & അഞ്ജന.വി.പി.(എം.ബി.ബി.എസ്) | ചെങ്കൽ | 25,000/- |
| 2 | സംഗീത.വി.ശശി(എഞ്ചിനീയറിംഗ്)<br>&സവിത.വി.ശശി(എഞ്ചിനീയറിംഗ്) | മണിയങ്കൽതോട്ടം വീട്, പൂവാർ | 25,000/-<br>25,000/- |
| 3 | ആതിര.എസ്.വി (ബി.എസ്.സി., നഴ്സിംഗ്)<br>&ആരതി.എസ്.വി(ബി.- ടെക്ക്) | ഇടക്കണ്ടം,മഞ്ചാംകുഴി, ചെറുവാരക്കോണം, കാരോട് | 25,000/-<br>25,000/- |

ഒരേ ആവശ്യത്തിന് ഒരു കുടുംബത്തിലെ ഒന്നിലധികം ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന് സർക്കുലർ 25421/ഡി.പി.1/2001 ത.സ്വ.ഭ.വ തീ.30.07.2001 -ന്റെ ലംഘനമാണ്. ആയതിനാൽ 3 പേർക്ക് നൽകിയ ആനുകൂല്യം തിരിച്ചടക്കേണ്ടതാണ്.

## 3-4 ഗ്രാമസഭാ ലിസ്റ്റിൽ ഇല്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകി - 25,000/- രൂപ തടസ്സപ്പെടുത്തുന്നു.(14-15)

പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള മെറിറ്റോറിയൽ സ്കോളർഷിപ്പിന്റെ ആനുകൂല്യം (25,000/- രൂപ) ഗ്രാമസഭ അംഗീകാരം നൽകാത്ത ധനിഷ, ചൊപുരപ്പൊട്ട വീട്, കാരോട് എന്ന വിദ്യാർത്ഥിനിക്ക് നൽകിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി 11 പ്രകാരം). ഗ്രാമസഭ അംഗീകാരം നൽകാതെ ഒരു വ്യക്തിക്ക് ആനുകൂല്യം നൽകുന്നത് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3 എ(സി),ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗ്ഗരേഖ ജി.ഒ(പി)220/97/ത.സ്വ.ഭ.വ തീയതി.2.10.1997) ന്റെ ലംഘനമാണ്. ആയതിനാൽ പ്രസ്തുത ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 താലൂക്ക് ആശുപത്രിയിൽ ക്യാന്റീൻ -റൂഫിംഗ് നിർമ്മാണം-നിരക്ക് നിർണ്ണയത്തിലെ അപാകത, അധികതുക 5817/-രൂപ നിരാകരിക്കുന്നു.(14-15)

| പ്രോജക്റ്റ് വിവരങ്ങൾ | എം.ബുക്ക് പ്രകാരം അനുവദിച്ച തുക | അനുവദനീയമായ തുക | വ്യത്യാസം |
|---|---|---|---|
| പ്രോജക്റ്റ് നം :29/2015 , താലൂക്ക് ആശുപത്രിയിൽ ക്യാന്റീൻ നിർമ്മാണം കൺവീനർ :ശ്രീ.ഷിബുദാസ്.ഡി ഫണ്ടിനം :മെയിന്റനൻസ് ഫണ്ട് (റോഡിതരം) അടങ്കൽ :10,00,000/- സാങ്കേതികാനുമതി നം:240/AEE /LSGD/PBP/14-15 തിയതി.10-09-14 ബിൽ നം: 07/14-15, തിയതി: 25.02.2015 , തുക:10,00,000/- | എം ബുക്ക് നം :293/14-15<br>Item:7:(DSR 2013-12.50) Providing and fixing precoated galvanised iron profile sheets (size, shape and pitch of corrugation as approved by Engineer-in-charge) ….......cutting to size and shape wherever required.<br>183m2@738.42/-=1,35,130.86/- | 183m2@706.63/- =1,29,313.29/- | 5817/- |

ഈ പ്രോജക്റ്റിൽ ,Galvanised iron profile sheet-ന്റെ റൂഫിംഗുമായി ബന്ധപ്പെട്ട് - Galvanised steel J or L hooks 8 mm dia -ഉൾപ്പെട്ട നിരക്കാണ് അനുവദിച്ചിട്ടുള്ളത് .എന്നാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയറുടെയും ,ഓവർസീയറുടെയും സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ J or L hooks -ന് പകരം self tapping screws ഉപയോഗിച്ചതായി ബോധ്യപ്പെട്ടു.വിശദാംശങ്ങൾ ചുവടെ,

അനുവദിച്ച നിരക്ക്

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | |
| | Details of cost for 216.14 sqm.<br>Consider a shed of 20x10 metres.<br>(External dimensions of plinth).<br>Area of roof-<br>20.2x10.70m = 216.14 sqm.<br>MATERIAL:<br>Sheets used = 20 Nosx10.70mx1.06m = 226.84sqm<br>Add 3% wastage = 6.81<br>Total = 233.65sqm | | | | |
| 8671 | Precoated galvanised iron profile sheet 0.50 mm TCT | sqm | 233.65 | 435.00 | 101637.75 |
| 9999 | Carriage of sheets | L.S. | 104.00 | 1.70 | 176.80 |
| 1023 | Galvanised steel J or L hooks 8 mm dia | 10 Nos | 476.00 | 110.00 | 5236.00 |
| 1208 | Bitumen washer | 100 Nos | 476.00 | 30.00 | 142.80 |
| 1209 | G.I. plain washer thick | 100 Nos | 476.00 | 35.00 | 166.60 |
| 9999 | Carriage of bolts and nuts, washers etc. | L.S. | 8.06 | 1.70 | 13.70 |
| 9999 | Sundries | L.S. | 39.52 | 1.70 | 67.18 |
| 0130 | LABOUR:<br>Mistry | day | 2.34 | 393.00 | 919.62 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 0112 | Carpenter 2nd class | day | 9.34 | 361.00 | 3371.74 |
| 0114 | Beldar | day | 9.34 | 297.00 | 2773.98 |
| | TOTAL<br>Add Water Charges @ 1%<br>TOTAL<br>Cost of 216.14 sqm<br>Cost of 1 sqm<br>Rate with cost index 1.38 for 1Sqm | | | | 114506.17<br>1145.06<br>115651.23<br>115651.23<br>535.075<br>738.40 |

അനവദനീയ നിരക്ക്

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details of cost for 216.14 sqm.<br>Consider a shed of 20x10 metres.<br>(External dimensions of plinth).<br>Area of roof-<br>20.2x10.70m = 216.14 sqm.<br>MATERIAL:<br>Sheets used = 20 Nosx10.70mx1.06m =<br>226.84sqm<br>Add 3% wastage = 6.81<br>Total = 233.65sqm | | | | |

| | | | | | |
|---|---|---|---|---|---|
| 8671 | Precoated galvanised iron profile sheet<br>0.50 mm TCT | sqm | 233.65 | 435.00 | 101637.75 |
| 9999 | Carriage of sheets | L.S. | 104.00 | 1.70 | 176.80 |
| 0635 | Bright finished or black enameled mild steel screws 50 mm (self tapping) | 100 Nos | 476.00 | 65.00 | 309.40 |
| 1208 | Bitumen washer | 100 Nos | 476.00 | 30.00 | 142.80 |
| 1209 | G.I. plain washer thick | 100 Nos | 476.00 | 35.00 | 166.60 |
| 9999 | Carriage of bolts and nuts, washers etc. | L.S. | 8.06 | 1.70 | 13.70 |
| 9999 | Sundries | L.S. | 39.52 | 1.70 | 67.18 |
| 0130 | LABOUR:<br>Mistry | day | 2.34 | 393.00 | 919.62 |
| 0112 | Carpenter 2nd class | day | 9.34 | 361.00 | 3371.74 |
| 0114 | Beldar | day | 9.34 | 297.00 | 2773.98 |
| | TOTAL<br>Add Water Charges @ 1%<br>TOTAL<br>Cost of 216.14 sqm<br>Cost of 1 sqm<br>Rate with cost index 1.38 for 1Sqm<br>Say | | | | 1,09,579.57<br>1,095.79<br>1,10,675.36<br>1,10,675.36<br>512.05<br>706.629<br>706.63 |

| | | | | | |
|---|---|---|---|---|---|
| | | | | | |

ഓഡിറ്റ് എൻക്വയറി നം.06പ്രകാരം വിഷയം അസി.എക്സിക്യൂട്ടീവ് എൻജിനിയറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.അധികമായി അനുവദിച്ചതുക 5817/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-6 ഭിന്നശേഷിയുള്ളവർക്ക് ട്രൈസ്കൂട്ടർ വിതരണം - 1254000/- രൂപ തടസ്സം(15-16)

അടങ്കൽ - 1300000/- (വികസന ഫണ്ട്)

ചെലവ് - 1254000/-

പാറശ്ശാല ബ്ളോക്ക് പഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷം സി.ഡി.പി.ഒ (ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ) നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം (പ്രോജക്ട് നമ്പർ s0013/16- ഭിന്നശേഷിയുള്ളവർക്ക് ട്രൈസ്കൂട്ടർ വാങ്ങൽ) വികസന ഫണ്ടിൽ നിന്നും 1254000/- ചെലവഴിച്ചു. ഒരു സ്കൂട്ടറിന്റെ യൂണിറ്റ് വില 66000/-രൂപ ആയി നിശ്ചയിച്ച് 19 എണ്ണത്തിന്റെ വിലയായി 1254000/- രൂപ കെൽട്രോണിന് കൈമാറി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ബിൽ നമ്പർ,തീയതി | ഡി.ഡി.നമ്പർ,തീയതി | തുക |
|---|---|---|---|
| 1 | 01/15-16,dt 21.03.16 | 738747.22.03.16 | 660000 |
| 2 | 02/15-16, dt 30.03.16 | 586978/02.04.16 | 528000 |
| 3 | 03/15-16,dt 30.03.16 | 586977/02.04.16 | 66000 |
| | ആകെ | | 1254000 |

പദ്ധതിചെലവ് പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരമുള്ള അപാകതകൾ കാണുന്നു.

1. 04.03.16 ലെ ബ്ളോക്ക് പഞ്ചായത്ത് കമ്മിറ്റി 7-ാം നമ്പർ തീരുമാന പ്രകാരം 19 ഗുണഭോക്താക്കളടങ്ങുന്ന ലിസ്റ്റ് അംഗീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തലുണ്ടെങ്കിലും അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. ആകയാൽ അംഗീകൃത ലിസ്റ്റിൽ ഉൾട്ടവരാണ് ഗുണഭോക്താക്കളെന്ന് ഉറപ്പില്ല.
2. കെൽട്രോണിൽ നിന്നും വാഹനങ്ങൾ ലഭിച്ച തീയതി,വാഹനങ്ങളുടെ എണ്ണം, സ്റ്റോക്കിലെടുത്ത തീയതി എന്നിവ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആകയാൽ വാഹനങ്ങളുടെ വരവ്,വിതരണം നടത്തിയ തീയതി, അവശേഷിക്കുന്നവയുടെ എണ്ണം എന്നിവ തിട്ടപ്പെടുത്താൻ കഴിയുന്നില്ല.
3. ഗുണഭോക്താക്കളുടെ പേര്,മേൽവിലാസം എന്നിവ രേഖപ്പെടുത്തി സ്റ്റാമ്പ് പതിച്ച് തീയതി രേഖപ്പെടുത്തിയ കൈപ്പറ്റ് രസീത് ഉൾപ്പെടുത്തി തയ്യാറാക്കിയ അക്വിറ്റൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആകയാൽ വാഹനം യഥാർത്ഥ ഗുണഭോക്താവിന് ലഭിച്ചുവെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. 18ട്രൈസ്കൂട്ടറുകൾ വിതരണം ചെയ്തതായും ഒന്ന് അവശേഷിക്കുന്നതായും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചതിനെ തുടർന്ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/29.09.16) ലഭിച്ച മറുപടിയിൽ, ഗുണഭോക്താവ് 01.07.16 ൽ മരണമടഞ്ഞതിനാൽ വാഹനം വിതരണം ചെയ്യാൻ കഴിഞ്ഞില്ലെന്ന് അറിയിച്ചു.(മെയ് മാസത്തിൽ വാഹനം ലഭിച്ചതായും പറഞ്ഞിട്ടുണ്ട്.) നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി തൃപ്തികരമല്ലാത്ത തിനാൽ ചെലവ് തുകയായ 1254000 രൂപ തടസ്സപ്പെടുത്തുന്നു. അവശേഷിക്കുന്നതായി അറിയിച്ചിട്ടുള്ള സ്കൂട്ടർ അർഹരായവരെ കണ്ടെത്തി വിതരണം ചെയ്യേണ്ടതാണെന്ന് ബ്ളോക്ക് പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുന്നു.

## 3-7 ഐ.എ.വൈ ഭവന പദ്ധതി - അർഹതയില്ലാത്തവർക്ക് ധനസഹായം നൽകി (15-16)

പാറശ്ശാല ബ്ളോക്ക് പഞ്ചായത്തിലെ ഐ.എ.വൈ. ഭവന പദ്ധതി 2016 പ്രകാരം ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട, പാറശ്ശാല ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്താക്കളായ അനിത (ബിന്ദുവിലാസം, നെടിയാംകോട്), വിജി (പ്ലാവിളപൊറ്റ,കരയ്ക്കാട് വീട്, പരശ്ശുവയ്ക്കൽ) എന്നിവർ പട്ടികജാതി വികസനത്തിനുള്ള ആനുകൂല്യത്തിന് അർഹരാണെന്ന് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഹൗസിംഗ് ഓഫീസറുടെ ശുപാർശയോടെ 48000/- രൂപയും ശുപാർശയില്ലാതെ 42000/- രൂപയും വിജിക്ക് നൽകി. അനിതയ്ക്ക് 175000/-രൂപയും നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (8/തീയതി 29.09.16) മറുപടി

ലഭിച്ചില്ല. ആകയാൽ ഗുണഭോക്താക്കളുടെ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 3-8 വീട് നിർമ്മിക്കാത്തയാൾക്ക് 17500 രൂപ ഐ.എ.വൈ ധനസഹായം- തുക തടസ്സപ്പെടുത്തുന്നു(15-16)

പാറശ്ശാല ബ്ളോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ ഐ.എ.വൈ പദ്ധതി ധനസഹായത്തിന് തെരഞ്ഞെടുത്ത ഗുണഭോക്താവായ അനിത, തരിശ് വീട്,കരുമാനൂർ എന്ന വ്യക്തി പുതിയ വീട് നിർമ്മിക്കുന്നതിനായി ബി.ഡി.ഒ യുമായി 25.01.16 ൽ കരാർ ഒപ്പു വയ്ക്കുകയും എന്നാൽ കരാറിന് വിരുദ്ധമായി, പഴയ വീടിനോട് ചേർന്ന് ഒരു മുറി മാത്രം നിർമ്മിക്കുകയും ചെയ്തു. ഒന്നാം ഘട്ട ധനസഹായമായി 17500/- രൂപ സൗത്ത് ഇൻഡ്യൻ ബാങ്കിന്റെ പാറശ്ശാല ശാഖ മുഖേന( അക്കൗണ്ട് നമ്പർ 25175) കൈപ്പറ്റുകയും ചെയ്തു. ഓഡിറ്റ് എൻക്വയറി 8/16 തീ. 29.09.16 ൽ വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടിയാൾക്ക് പ്രസ്തുത ധനസഹായത്തിന് അർഹതയില്ലാത്തതിനാൽ ചെലവ് തുകയായ 17500/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 ഐ.എ.വൈ പദ്ധതി - 2015-16 -ഹൗസിംഗ് ഓഫീസർ ശുപാർശ ചെയ്തതിനേക്കാൾ അധികം തുക അനുവദിച്ചു.(15-16)

2015-16 വർഷത്തെ ഗുണഭോക്താക്കളായ സുമ, വിജി എന്നിവർക്ക്, ബേസ്മെന്റ് ഘട്ട പൂർത്തിയാക്കിയതിനെ തുടർന്ന് ഹൗസിംഗ് ഓഫീസർ 48,000/- രൂപ വീതം ധനസഹായം ശുപാർശ ചെയ്തു. എന്നാൽ ബേസ്മെന്റ് ഘട്ടം മാത്രം നാളിതുവരെ പൂർത്തീകരിച്ചവർക്ക് ശുപാർശ ചെയ്തതിനേക്കാൾ 42,000/- രൂപ വീതം അധികം നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്, വിലാസം | പൂർത്തീകരിച്ച ഘട്ടം/ റിപ്പോർട്ട് | ഹൗസിംഗ് ഓഫീസർ ശുപാർശ ചെയ്ത തുക | ആകെ നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|
| സുമ, നെടിയാംകോട്, പരശുവയ്ക്കൽ | ബേസ്മെന്റ് (06.05.2016 -ൽ) | 48,000/- | 1,07,500 (17500 + 48000 + 42000) | 42,000/- |
| വിജി, പ്ലാവിള പൊറ്റ കാരയ്ക്കാട് വീട്, പരശുവയ്ക്കൽ | ബേസ്മെന്റ് | 48,000/- | 1,07,500 (17500 + 48000 + 42000) | 42,000/- |

മേൽ വസ്തുത സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/2016 തീ.29.09.2016) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭവനനിർമ്മാണ ഘട്ടം പൂർത്തീകരിക്കുന്ന മുറയ്ക്ക് അനുവദനീയമായ നിരക്കിൽ ഹൗസിംഗ് ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രം വിതരണം ചെയ്യാൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രദ്ധിക്കേണ്ടതാണ്. അവശേഷിച്ച ഘട്ടങ്ങൾ പൂർത്തീകരിക്കാവുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 വനിതാ ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം അപാകതകൾ - പദ്ധതി രേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി ചെലവഴിച്ച തുക നിരാകരിക്കുന്നു.(15-16)

അടങ്കൽ - 95,20,000/-
വികസന ഫണ്ട് - 23,80,000/-
ഗുണഭോക്തൃ വിഹിതം - 71,40,000/-
ബിൽ നം. - 01/15-16, തീ.29.03.2016

പാറശ്ശാല പഞ്ചായത്തിലെ ഡെയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2015-16 ൽ നടപ്പാക്കിയ വനിതാ ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി എന്ന പദ്ധതി (നം SO019/16) പ്രകാരം വികസനഫണ്ടിൽ നിന്നും 23,80,000/- രൂപ പിൻവലിച്ച് ക്ഷീരസഹകരണ സംഘങ്ങൾ മുഖേന വിതരണം നടത്താനാണ് ലക്ഷ്യമിട്ടിരുന്നത്.. പദ്ധതി രേഖയിൽ നിഷ്കർഷിച്ച പ്രകാരം, ഗുണഭോക്തൃ വിഹിതമായി സമാഹരിച്ച് ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കേണ്ട തുകയായ 71,40,000/- രൂപ പിരിച്ചെടുത്തതിന്റെയും പഞ്ചായത്തിൽ ഒടുക്കിയതിന്റെയും രേഖ ഹാജരാക്കിയിട്ടില്ല

വൗച്ചർ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു
കീഴമ്മാകം കെ.യു.,സി.എസ് (ക്ഷീര സഹകരണ സംഘം) ന് 75,000/- രൂപ സബ്സിഡി നൽകിയതിന്റെ വൗച്ചർ ഹാജരാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത തുക തടസ്സപ്പെടുത്തുന്നു. വൗച്ചർ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഡി.ഡി അനധികൃതമായി കൈവശം വച്ചിരിക്കുന്നു-പിഴപ്പലിശ സഹിതം തിരിച്ചടവാക്കണം
ചെറുവാരക്കോണം കെ.യു.സി.എസിന്റെ പേരിൽ എടുത്ത 42,500/- രൂപയുടെ (ഡി.ഡി. നം. 588662/ 04.05.2016) ഓഡിറ്റതീയതിയിലും ചെലവഴിക്കാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. 29.03.2016 ൽ ട്രഷറിയിൽ നിന്നും പിൻവലിച്ച തുക ഒരു മാസത്തിനകം ചെലവഴിക്കുകയോ തിരിച്ചടക്കുകയോ ചെയ്യാതിരുന്നതിന്റെ കാരണം വിശദമാക്കേണ്ടതും പ്രസ്തുത ഡി.ഡി കൈവശം സൂക്ഷിച്ചിരുന്നതിന് 01.05.2016 മുതലുള്ള പിഴപ്പലിശ സഹിതം സർക്കാരിൽ തിരിച്ചടവാക്കേണ്ടതുമാണ്.[ജി.ഒ.(എം.എസ്)

83/11/തസ്വഭവ]

പദ്ധതിരേഖയിലെ നിർദ്ദേശത്തിനു വിരുദ്ധമായി ചെലവഴിച്ച തുക നിരാകരിക്കുന്നു.
പദ്ധതിരേഖയിലെ മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായി പ്രിന്റിംഗ്, റിഫ്രഷ്മെന്റ്, ഡോക്യുമെന്റേഷൻ എന്നിവയ്ക്കായി വൗച്ചർ നം. 20/15-16 പ്രകാരം മഹേഷ്, മാധവവിലാസം, പാറശ്ശാല എന്ന വ്യക്തിക്ക് നൽകിയ 8,500/- രൂപ നിരാകരിക്കുകയും ചെയ്യുന്നു.
(മേൽ വിഷയങ്ങൾ ചൂണ്ടിക്കാട്ടി 30.09.2016 ൽ നൽകിയ 10/16-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 3-11 കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ് നവീകരണം - റൂഫിംഗ് -നിരക്ക് നിർണ്ണയത്തിലെ അപാകത,അധികതുക 3866./-രൂപ നിരാകരിക്കുന്നു.(15-16)

പ്രോജക്ടിന്റെ പേര് : കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ് നവീകരണം
പ്രോജക്ട് നം : 59/2016
എം ബുക്ക് നം : 367/15-16
കോൺട്രാക്ടർ : ശ്രീ.വർദ്ധനൻ.എൻ
ടെണ്ടർ നിരക്ക് : 5% Below
അടങ്കൽ : 600000/-
ചെലവ് തുക : 567951/-
ബിൽ നമ്പർ : 2/15-16, തീയതി- 21.01.2016

ഈ പ്രോജക്ടിന്റെ എസ്റ്റിമേറ്റ് ഇനം 3, Galvanised iron profile sheet-ന്റെ റൂഫിംഗുമായി ബന്ധപ്പെട്ട് - Galvanised steel J or L hooks 8 mm dia -ഉൾപ്പെട്ട നിരക്കാണ് അനുവദിച്ചിട്ടുള്ളത് .എന്നാൽ അസിസ്റ്റന്റ്എക്സിക്യൂട്ടീവ്എൻജിനിയറുടെയും ,ഓവർസീയറുടെയും സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ J or L hooks -ന് പകരം self tappinng srews ഉപയോഗിച്ചതായി ബോധ്യപ്പെട്ടു.വിശദാംശങ്ങൾ ചുവടെ,

(DSR 2014-12.50)
Providing and fixing precoated galvanised iron profile sheets (size, shape and pitch of corrugation as approved by Engineer-in-charge) 0.50 mm (+ 0.05 %), total coated thickness with zinc coating 120 grams per sqm as per IS: 277, in 240m pa steel grade, 5-7 microns epoxy primer on both side of the sheet and polyester top coat 15-18 microns. Sheet should have protective guard film of 25 microns minimum to avoid scratches during transportation and should be supplied in single length upto 12 metre or as desired by Engineer-in-charge. The sheet shall be fixed using self drilling / self tapping screws of size (5.5x 55 mm) with EPDM seal, complete upto any pitch in horizontal/ vertical or curved surfaces, excluding the cost of purlins, rafters and trusses and including cutting to size and shape wherever required.
അനുവദിച്ച നിരക്ക്

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details of cost for 216.14 sqm.<br>Consider a shed of 20x10 metres.<br>(External dimensions of plinth).<br>Area of roof-<br>20.2x10.70m = 216.14 sqm.<br>MATERIAL:<br>Sheets used = 20 Nosx10.70mx1.06m = 226.84sqm<br>Add 3% wastage = 6.81<br>Total = 233.65sqm | | | | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 8671 | Precoated galvanised iron profile sheet<br>0.50 mm TCT | sqm | 233.65 | 435.00 | 101637.75 |
| 9999 | Carriage of sheets | L.S | 104.00 | 1.78 | 185.12 |
| 1023 | Galvanised steel J or L hooks 8 mm dia | 10 Nos | 476.00 | 120.00 | 5712.00 |
| 1208 | Bitumen washer | 100 Nos | 476.00 | 30.00 | 142.80 |
| 1209 | G.I. plain washer thick | 100 Nos | 476.00 | 35.00 | 166.60 |
| 9999 | Carriage of bolts and nuts, washers etc. | L.S. | 8.06 | 1.78 | 14.35 |
| 9999 | Sundries | L.S. | 39.52 | 1.78 | 70.35 |
| 0130 | LABOUR:<br>Mistry | day | 2.34 | 435.00 | 1017.90 |
| 0112 | Carpenter 2nd class | day | 9.34 | 399.00 | 3726.66 |
| 0114 | Beldar | day | 9.34 | 329.00 | 3072.86 |
| | TOTAL<br>Add Water Charges @ 1%<br>TOTAL<br>Add CP,OH 15%<br>Cost of 216.14 sqm<br>Cost of 1 sqm<br>Rate with cost index 1.42857 for 1Sqm | | | | 115746.39<br>1157.46<br>116903.85<br>17535.58<br>134439.43<br>622.00<br>888.57 |

അനുവദനീയ നിരക്ക്

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details of cost for 216.14 sqm.<br>Consider a shed of 20x10 metres.<br>(External dimensions of plinth).<br>Area of roof-<br>20.2x10.70m = 216.14 sqm.<br>MATERIAL:<br>Sheets used = 20 Nosx10.70mx1.06m = 226.84sqm<br>Add 3% wastage = 6.81<br>Total = 233.65sqm | | | | |
| 8671 | Precoated galvanised iron profile sheet 0.50 mm TCT | sqm | 233.65 | 435.00 | 101637.75 |
| 9999 | Carriage of sheets | L.S. | 104.00 | 1.78 | 185.12 |
| 0635 | Bright finished or black enameled mild steel screws 50 mm (self tapping) | 100 Nos | 476.00 | 68.00 | 323.68 |
| 1208 | Bitumen washer | 100 Nos | 476.00 | 30.00 | 142.80 |
| 1209 | G.I. plain washer thick | 100 Nos | 476.00 | 35.00 | 166.60 |
| 9999 | Carriage of bolts and nuts, washers etc. | L.S. | 8.06 | 1.78 | 14.35 |

| | | | | | |
|---|---|---|---|---|---|
| 9999 | Sundries | L.S. | 39.52 | 1.78 | 70.35 |
| 0130 | LABOUR:<br>Mistry | day | 2.34 | 435.00 | 1017.90 |
| 0112 | Carpenter 2nd class | day | 9.34 | 399.00 | 3726.66 |
| 0114 | Beldar | day | 9.34 | 329.00 | 3072.86 |
| | TOTAL<br>Add Water Charges @ 1%<br>TOTAL<br>Add CP,OH 15%<br>Cost of 216.14 sqm<br>Cost of 1 sqm<br>Rate with cost index 1.42857 for 1Sqm<br>Say | | | | 110358.07<br>1103.58<br>111461.65<br>16719,25<br>128180.90<br>593.05<br>847.21<br>847.21 |
| | | | | | |

വ്യത്യാസം(888.57 – 847.21) = Rs 41.36. /Sqm

എം ബുക്ക് പേജ് നമ്പർ 5 & 24

Providing and fixing precoated galvanised iron profile sheets (size, shape and pitch of corrugation as approved by Engineer-in-charge) 0.50 mm (+ 0.05 %), total coated thickness with zinc coating 120 grams per sqm as per standard specification : 98.4 m2 x 888.57/m2 = 87435.29
Tender below (5%) : 4371.76
നൽകിയ തുക ( 87435.29 – 4371.76 ) : 83063.53

നൽകാവുന്നത്

1. m2 x 847.21 : 83365.46
   Tender below (5%) : 4168.27
   നൽകാവുന്ന തുക : 79197.19
   അധികം നല്കിയ തുക : 3866.34

നഷ്ടത്തുക യായ 3866/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| സാമ്പത്തിക വർഷം | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 2014-15 | ഇല്ല. | | | | | |
| 2015-16 | ഇല്ല. | | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| സാമ്പത്തിക വർഷം | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 2014-15 | | ഇല്ല | | | | |
| 2015-16 | | ഇല്ല | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്(2014-15)(2015-16)

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| | ഇല്ല | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്(2014-15)

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| E.M.S ഭവന പദ്ധതി | | | 19331315 | 2379000 | | 16952315 |
| IAY ഭവന പദ്ധതി | | | 16952315 | 4758000 | | 12194315 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ(2014-15)(2015-16)

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| | ഇല്ല |
| ആകെ | |

## 4-6. ഓഡിറ്റ് റിക്കവറി(2014-15)(2015-16)

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയതി |
|---|---|---|---|---|
| | | ഇല്ല. | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം(2014-15)(2015-16)

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | 2014-15 | 2015-16 |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 164860248 | 129464111 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 173622188 | 129616450 |
| വരവിനങ്ങളിലുള്ള നഷ്ടം | -- | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 80817 | 12366 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1271500 | 1960000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2014-15 | | | |
| 3.3 | ഇല്ല | 75000 | ശ്രീമതി.ജയകുമാരി.ഡി.<br>പട്ടികജാതി വികസന ഓഫീസർ |

| | | | |
|---|---|---|---|
| 3.5 | | 5817 | ശ്രീ.സാം വിദ്യാനാഥ്.<br>അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 2015-16 | | | |
| 3.10 | | 8500 | ശ്രീ.എഡ്വിൻ വിജയകുമാർ<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3.11 | | 3866 | ശ്രീ.സാം വിദ്യാനാഥ്.<br>അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | | 93183 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2014-15 | | |
| 3.1 | 1860000 | ശ്രീമതി.ബീനകുമാരി<br>കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3.4 | 25000 | ശ്രീമതി.ജയകുമാരി.ഡി.<br>പട്ടികജാതി വികസന ഓഫീസർ |
| 2015-16 | | |
| 3.6 | 1254000 | ശ്രീമതി.ശാന്ത.ആർ<br>സി.ഡി.പി.ഒ |
| 3.8 | 17500 | ശ്രീ.എസ്.എസ്. പത്മകുമാർ<br>സെക്രട്ടറി, ബ്ളോക്ക് പഞ്ചായത്ത്. |
| 3.10 | 75000 | ശ്രീ.എഡ്വിൻ വിജയകുമാർ<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | 3231500 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ജയകുമാരി.ഡി,<br>പട്ടികജാതി വികസന ഓഫീസർ | ബ്ളോക്ക് പഞ്ചായത്ത്,<br>പാറശ്ശാല | മണിമംഗലം, അമ്പായന്തല,<br>നാറാണി,കുന്നത്തുകാൽ.പി.ഒ |
| ശ്രീ. സാംവിദ്യാനാഥ്,<br>അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | -- | ലക്ഷ്മി, എ.എം.ആർ.എ.14 എ, മുക്കോല,<br>നെട്ടയം |
| ശ്രീ.എഡ്വിൻ വിജയകുമാർ<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ | Retired | മേലിടം, BSRA.D.41-B, Bhagathsingh Road, Pettah 695024 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.റ്റി.ഡി..7(എ)/378/ തീയതി.24.07.2012 | 10 | |
| 1998-99 | എൽ.എഫ്.റ്റി.ഡി.ബി&ഡി/611/07, തീയതി.19.08.14 | 10 | |
| 1999-2000 | എൽ.എഫ്.റ്റി.ഡി.ബി&ഡി/592/02 തീയതി.24.07.2012 | 19 | |
| 2000-01 | എൽ.എഫ്.റ്റി.ഡി.ബി&ഡി/1542/08 തീയതി.4.10.14 | 18 | |
| 2001-02 | എൽ.എഫ്.റ്റി.ഡി.ബി&ഡി/132/09 തീയതി.14.05.13 | 5 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ബി&ഡി/133/09 തീയതി.04.05.13 | 7 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ബി&ഡി/698/09 തീയതി.07.05.13 | 1 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ബി&ഡി/1037/08 തീയതി.18.09.14 | 7 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ബി&ഡി/566/09 തീയതി.07.05.13 | 5 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ബി&ഡി/567/09 തീയതി.19.09.14 | 3 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ബി&ഡി/863/10 തീയതി.07.05.13 | 2 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ബി&ഡി/684/10 തീയതി.07.05.13 | 8 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ബി&ഡി/644/13, തീയതി.04.04.13 | 10 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ബി&ഡി/645/13 തീയതി.04.04.13 | 8 | |

| | | | |
|---|---|---|---|
| 2011-12 | എൽ.എഫ്.റ്റി.ഡി.ബി&ഡി/2251/14<br>തീയതി.15.11.14 | 6 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ബി&ഡി/1743/14<br>തീയതി.09.12.14/03.03.2015 | 5 | |
| 2013-14 | കെ.എസ്.റ്റി.വി.എം.ബി&ഡി/2038/15<br>തീയതി.08.12.15 | | |

(ഒപ്പ്)
ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4)-1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്ററാൻഡേർഡുകൾ അവലംബിച്ചും പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രികകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ 2014-15,2015-16 വർഷങ്ങളിലെ വാർഷിക ധനകാര്യപത്രികകൾ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

# അനുബന്ധം 2

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4)-1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ **2015-16** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു**.**

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ 2015-16 വർഷത്തെ വാർഷിക ധനകാര്യപത്രിക പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ